(സി) കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകൾ.

(ഡി) ഇല്ല.

(ഇ) പ്രസ്തുത ഓഫീസ് സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

40 (1685) നെയ്യാർ ഇറിഗേഷൻ ചാനലുകളിൽ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഇറിഗേഷൻ സ്കീമിൽപ്പെട്ട പല ചാനലുകളും വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല ഭാഗത്തും ചാനലുകൾ കാടുകയറി സമീപവാസികൾക്കും കൃഷിക്കാർക്കും ബുദ്ധിമുട്ടുണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ തടസ്സങ്ങൾ കാരണം അണക്കെട്ടിൽ നിന്നും തുറന്നുവിടുന്ന വെള്ളം നിശ്ചിത തോതിൽ കൃഷിയിടങ്ങളിൽ എത്തിച്ചേരുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രയും വേഗം അറ്റകുറ്റപ്പണികൾ നടത്തി തടസ്സങ്ങൾ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സിൽട്ട് അടിഞ്ഞും കാടുപിടിച്ചും കനാലിലൂടെ കൃഷിയിടങ്ങളിൽ വെള്ളം എത്താതിരിക്കുന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിനു വേണ്ടി റീവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ എന്ന പദ്ധതിയിൽ നെയ്യാർ ജലസേചന പദ്ധതിയും ഉൾപ്പെടുത്തി ഈ വർഷം പണികൾ നടത്തുന്നുണ്ട്. പൂവാർ ഈസ്റ്റ്, പൂവാർ വെസ്റ്റ്, ചൊവ്വര എന്നീ കനാലുകളാണ് ഈ വർഷം എടുത്തിട്ടുള്ളത്. മൂന്നു വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന റിവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ പദ്ധതി പൂർത്തിയാകുമ്പോൾ നെയ്യാർ ഇറിഗേഷൻ സ്കീമിൽപ്പെട്ട എല്ലാ കനാലുകളിലും അവസാനഭാഗം വരെ വെള്ളം എത്തുന്നതാണ്.

41 (1686) വലിയകുളം കാഡാ സ്കീമിൽ ഉൾപ്പെടുത്തി നന്നാക്കാൻ നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ പഞ്ചായത്തിലെ വലിയകുളം നന്നാക്കുന്നതിന് കാഡാ സ്കീമിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് അംഗീകരിച്ച് ടെണ്ടർ നൽകുന്നതിന് അനുമതിക്കായുള്ള ഫയൽ കാഡായുടെ തൃശ്ശൂരിലെ

LIBRARY ARCHIVES Kerala Legislative Assembly

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽ പെന്റിംഗിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പണി എത്രയും വേഗം ആരംഭിക്കുന്നതിനു വേണ്ടി യുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) പണി ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചുവരുന്നു.

42 (1687) കായംകുളത്ത് കെ.ഐ.പി. കനാലിന്റെ ശാഖാ നിർമ്മാണം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലേക്ക് വരേണ്ട കെ.ഐ.പി. കനാ ലിന്റെ ശാഖ നിർമ്മിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ശാഖ കായംകുളത്തേക്ക് നിർമ്മിക്കണമെന്ന് കാണിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ശാഖ നിർമ്മിക്കേണ്ടതില്ലെന്ന് സർക്കാർ അന്തിമമായി തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാൽ, മലയൻ കനാൽ എന്നിവയുടെ സമഗ്ര നവീകരണത്തിനായി രണ്ടുവർഷം മുമ്പ് ബന്ധപ്പെട്ട ഇറിഗേഷൻ ഓഫീസിൽ നിന്നും സമർപ്പിച്ചിരുന്ന 360 ലക്ഷം രൂപയുടെ പ്രോജക്ട് നാളിതുവരെ നടപ്പിലാക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഇ) ഈ മേജർ ഇറിഗേഷൻ പ്രോജക്ട് മുൻ ചീഫ് എഞ്ചിനീയർ ശശിധരനും അദ്ദേഹത്തിന്റെ കീഴിലുള്ള ചില ഉദ്യോഗസ്ഥന്മാരും ചേർന്ന് മര വിപ്പിച്ച് ഫലത്തിൽ അട്ടിമറിക്കാൻ ശ്രമിച്ചതായി സ്ഥലം എം.എൽ.എ. യ്ക്കുള്ള ആരോപണത്തെപ്പറ്റി അന്വേഷിക്കുമോ;

(എഫ്) ബഡ്ജറ്റിന്റെ രണ്ടാം ഭാഗത്ത് ഭരണാനുമതി ഇല്ലാത്ത കൂട്ട ത്തിൽപ്പെടുത്തിയിരിക്കുന്ന ഈ 360 ലക്ഷം രൂപയുടെ പ്രോജക്ട് കായംകു ളത്തു അനിവാര്യമായതിനാൽ ,ഗവൺമെന്റ് പ്രത്യേക പരിഗണന നൽകി ഇതിന് ഭരണാനുമതി നൽകി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വർക്കുകൾ നടപ്പിലാ ക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ കാലത്തുണ്ടായ ഗുരുതരമായ വീഴ്ചക ളെപ്പറ്റി അന്വേഷിച്ച് പരിഹാര നടപടികൾ വൈകാതെ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly